[മി. സ്പീക്കർ]

താണു്. ഇവിടെ ഉണ്ടായ രംഗം, ശ്രീ. മാണിയുടെ അഭിപ്രായം അദ്ദേഹം പറഞ്ഞു. അങ്ങനെ ആ അഭിപ്രായമനുസരിച്ചു് ചോദ്യം ചോദിക്കുന്നതു് ശരിയല്ലെന്നുള്ള സ്റ്റാൻഡു് ഗവണ്മെൻറു് ഭാഗത്തുനിന്നും ഉണ്ടായി. തീർച്ചയായും അങ്ങനെ ഉണ്ടായ സ്ഥിതിക്കു് പിന്നീടു് ചോദ്യം ചോദിക്കേണ്ട കാര്യമില്ല. ഗവണ്മെൻറിൻെറ മനോഭാവം എന്താണെന്നു അറിഞ്ഞ സ്ഥിതിക്കു് പിന്നെ ഒരു സിറ്റുവേഷൻ (situation) ഉണ്ടാക്കാൻ പോകേണ്ടായിരുന്നു. ചോദ്യം ചോദിക്കുന്നില്ല എന്നു വിചാരിച്ചാൽ മതിയാകുമായിരുന്നു. അതുപോലെതന്നെ ഒരാൾ ചോദ്യം ചോദിക്കുന്ന സമയത്തു്, അങ്ങനെ ചോദിക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു് മറ്റു മെമ്പർമാർ എഴുന്നേറ്റു നിൽക്കുന്നതും ശരിയല്ല. മേലാൽ ഈ മാതിരി സംഭവങ്ങൾ ഉണ്ടാകുകയില്ലെന്നു് എനിക്കു് ഉറപ്പുതരാൻ കഴിയുമോ എന്നു ഞാൻ ഈ സന്ദർഭത്തിൽ സഭയോടു് ചോദിക്കുന്നില്ല. അങ്ങനെ ഉറപ്പു് ഉണ്ടെന്നു ഞാൻ വിശ്വസിക്കുകയാണു്.

3. ADJOURNMENT MOTION

CLASH BETWEEN TWO GROUPS OF STUDENTS IN VYASA COLLEGE, WADAKKANCHERY ON THIRTIETH SEPTEMBER 1969

മി. സ്പീക്കർ: വടക്കാഞ്ചേരി വ്യാസാ കോളേജിലെ രണ്ടു വിഭാഗം സ്റ്റുഡൻറ്സ് തമ്മിൽ ഉണ്ടായ സംഘട്ടനം മൂലം ഉണ്ടായ ഗുരുതരാവസ്ഥ ചർച്ച ചെയ്യുന്നതിനു സഭാനടപടികളും നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ശ്രീ. എൻ. കെ. ശേഷൻ ഒരു അടിയന്തിരപ്രമേയത്തിനു നോട്ടീസു് തന്നിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിക്കു് എന്തെങ്കിലും പറയുവാനുണ്ടോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): ഇൻഫർമേഷൻ മുഴുവൻ കിട്ടിയിട്ടില്ല. അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. എൻ. കെ. ശേഷൻ: സർ, ഇന്നലെയാണു് സംഭവം ഉണ്ടായതു്. രണ്ടുതവണ സംഭവം ഉണ്ടാകുകയും ചെയ്തു. ഇന്നുണ്ടായ സംഭവമല്ല. വളരെക്കാലമായി നിലനിന്നുവരുന്ന സംഘർഷാവസ്ഥ ആയതുകൊണ്ടു പോലീസു് നടപടികളോ മറ്റു നിയമസമാധാനപാലന നടപടികളോ ഉണ്ടാക്കുന്നതിനും പുറമേ സ്ഥിരമായി സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നതിനു ഗവണ്മെൻറു മുൻകൈ എടുത്താൽ കൊള്ളാമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. കെ. കൃഷ്ണൻ: അടിയന്തിരമായി നിയമസമാധാനം പാലിക്കുവാനും അതുപോലെതന്നെ നിയമസമാധാന അന്തരീക്ഷം ഉണ്ടാക്കാനും ഉള്ള നടപടി സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് കളക്ടർക്കു് ഇപ്പോഴുതന്നെ വിവരം അറിയിക്കുന്നുണ്ടു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടികളും കൈക്കൊള്ളാമെന്നു സമ്മതിച്ചിട്ടുള്ളതുകൊണ്ടു് ഇപ്പോഴും ഈ അടിയന്തിര പ്രമേയത്തിനു അനുമതി നൽകുന്നില്ല.

4. CALLING ATTENTION UNDER RULE 61

PROPOSED AGITATION BY THE EMPLOYEES OF PANCHAYATS

മി. സ്പീക്കർ: സംസ്ഥാനത്തിലെ 933 പഞ്ചായത്തിലെ ഏകദേശം ഏഴായിരത്തോളം വരുന്ന പഞ്ചായത്തു ജീവനക്കാർ അവരുടെ സർവ്വീസിലെ അവശതകളും പരിഹരിച്ചു കിട്ടുന്നതിലേയ്ക്കായി വരുന്ന 4-ാം തീയതി മുതൽ

LIBRARY ARCHIVES Kerala Legislative Assembly

ത്യഗ്രഹം നടത്താൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഗവണ്മെൻറ് ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. എ. എസ്. പുരുഷോത്തമൻ റൂം 61 പ്രകാരം നോട്ടീസ് തന്നിട്ടുണ്ട്. ശ്രീ. പുരുഷോത്തമനു എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ പറയാം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: സർ, കേരളത്തിലെ 933 പഞ്ചായത്തുകളിലായി ഏഴായിരത്തോളം വരുന്ന പഞ്ചായത്തു ജീവനക്കാർ ഈ വരുന്ന 4-ാം തീയതി കൂട്ടായി ലീവെടുത്തുകൊണ്ടു പഞ്ചായത്തു ഡയറക്ടർ ഓഫീസിനു മുമ്പിൽ നിരാഹാരം അനുഷ്ഠിക്കുവാൻ തീരുമാനിച്ചിരിക്കുകയാണു്. കുറെ നാളുകളായി അവർക്കു സർവ്വീസ്വ്യവസ്ഥകളെ സംബന്ധിച്ചും അതിലും വിശേഷിച്ചു് അതിലെ ലാസ്റ്റു ഗ്രേഡ് ജീവനക്കാർക്കു ഗവണ്മെൻറിലെ മറ്റു ലാസ്റ്റു ഗ്രേഡ് ജീവനക്കാരായ ആളുകൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങളും ലഭിക്കാത്തതിനെക്കുറിച്ചും മറ്റും ചില അവശതകളും ഉന്നയിച്ചു കൊണ്ടും ഗവണ്മെൻറിനു നൽകിയ നിവേദനങ്ങൾക്കെല്ലാം ആവശ്യമായ പരിഗണനനൽകാതിരിക്കുകയും അതേസമയം ചില കാര്യങ്ങളിൽ അവഗണനയുണ്ടായിട്ടുള്ള തീരുമാനങ്ങളും നടപ്പിലാക്കുന്നതിനു ആവശ്യമായ നടപടി ഡിപ്പാർട്ടുമെൻറു കൈക്കൊണ്ടിട്ടുള്ളതുകൊണ്ടും അവർ ഒരു പ്രത്യക്ഷ സമരത്തിനു നിർബന്ധിതരായിരിക്കുകയാണു്. ഈ നടപടി മൂലം കേരളത്തിലെ 933 പഞ്ചായത്തുകളുടെ പ്രവർത്തനം സ്തംഭിക്കും. പ്രത്യേകിച്ചും പഞ്ചായത്തു ജീവനക്കാർ മറ്റു ഗവണ്മെൻറു ജീവനക്കാരെക്കാളും ഉപരിയായി കൂടുതൽ സമയവും വളരെ ഫലപ്രദമായ സേവനം നടത്തുന്നതുകൊണ്ടു പഞ്ചായത്തു ജീവനക്കാർക്കു ആവശ്യമായ പരിഗണന നൽകിക്കൊണ്ടു് പഞ്ചായത്തിൻറെ സ്തംഭനാവസ്ഥയുണ്ടാകുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കുന്നതിനു ആവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയും ഗവണ്മെൻറും സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി):

നാളെ ഇതിനു മറുപടി പറയാം.

മി. സ്പീക്കർ: തളിപ്പറമ്പു താലൂക്കിലെ കല്യാട്ടു് പടിയൂർ പഞ്ചായത്തിലെ 'ശ്രീനിവാസ എയിഡഡ് ലോവർ പ്രൈമറി സ്കൂൾ' ചുഴലിക്കാറ്റു മൂലം നിലംപതിച്ചിരിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെടുത്താൻ ശ്രീ. കെ. പി. രാഘവപ്പൊതുവാൾ റൂം 61 പ്രകാരം നോട്ടീസ് തന്നിട്ടുണ്ട്. അതു മേൽ നടപടികൾക്കായി ബന്ധപ്പെട്ട മന്ത്രികൾ അയച്ചുകൊടുക്കുന്നതാണു്.

5. PAPERS LAID ON THE TABLE

Revenue Minister **(Smt. K. R. Gouri)**: Sir, I lay on the Table a copy of the Notification G. O. (P) 346/69/RD, dated 15th July 1969 (S.R.O. No. 294/69) issued by the Government under Section 22 of the Kerala Survey and Boundaries Act, 1961 (37 of 1961) containing amendment to the Kerala Survey and Boundaries Rules, 1964.

Irrigation and Co-operation Minister **(Shri P. Ramunni Kurup)**: Sir, on behalf of the Works Minister, I lay on the Table a copy of the Notification No. 64448/B2/67/PW, dated 23rd August 1969 issued by the Government under sub-section (1) of Section 25 of the Kerala Buildings (Lease and Rent Control) Act, 1965 (2 of 1965).

LIBRARY ARCHIVES Kerala Legislative Assembly